# ജാമക്കാരൻ
# JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE - 2

FEBRUARY - 2019 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

*(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).*

*ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).*

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



***കർത്താവിൽ പ്രിയരെ,***

***യേശുക്രിസ്തുവിന്റെ നിസ്തുല്യനാമത്തിൽ എന്റെ വന്ദനം. ഇതുവരെ തന്റെ മഹത്വമേറിയ ശുശ്രൂഷയിൽ നിലനിർത്തിയിരിക്കുന്ന കർത്താവിന് സ്തോത്രം.***

***ഈ ലക്കം മാസികയിൽ ഉപദേശം, ആലോചന, സുവിശേഷ സന്ദേശം എന്നിവ പ്രസിദ്ധീകരിക്കുന്നു. വേദപുസ്തകം കയ്യിൽ വച്ചുകൊണ്ടിരിക്കെ തന്നെ കാര്യങ്ങൾ അറിയാത്ത ആത്മീയ അന്ധതയുള്ള ജനങ്ങൾ രക്ഷിക്കപ്പെട്ട് കർത്താവിന്റെ വരവിനായി ഒരുങ്ങണം എന്നതാണ് ഞങ്ങളുടെ ആഗ്രഹം.***

***ഓരോ സഭാവിഭാഗങ്ങളും അവരവർക്ക് സൗകര്യപ്രദമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നു. ഇങ്ങനെയുള്ള വ്യത്യസ്ത ധാരണകൾ എക്കാലത്തും ഉണ്ടായിരുന്നു. എന്നാൽ സത്യമെന്ത്? ശരിയേത്? എന്ന് വിവേചിക്കേണ്ട ചുമതല ഓരോർത്തർക്കുമുണ്ട്. മനുഷ്യാ നല്ലതു എന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്? (മീഖാ: 6:8).***

ജാമക്കാരൻ JAMAKKARAN

# FEBRUARY - 2019

സഭാ ചരിത്രം പരിശോധിക്കുമ്പോൾ, ഓരോ കാലഘട്ടത്തിലും സഭകൾ ഓരോ പ്രശ്നങ്ങളിലൂടെയാണ് കടന്നുപോയത്. ആ പ്രശ്നങ്ങളെ തരണം ചെയ്വാനും ശരിയായ മാർഗ്ഗ നിർദേശം (ഉപദേശം) ലഭിക്കാനുമായി പരിശുദ്ധാത്മാവിലൂടെ നമുക്ക് അപ്പൊസ്തലിക ഉപദേശം (റോമർ മുതൽ യൂദാ വരെ) ലഭിച്ചിട്ടുണ്ട്. ഈ ലേഖനങ്ങളിലൂടെ ജീവിത വിശുദ്ധി, ശുശ്രൂഷക്കാർക്കുള്ള മാനദണ്ഡങ്ങൾ മാതൃകകൾ തുടങ്ങി എല്ലാം നല്കിയിട്ടുണ്ട്.

തെറ്റുപറ്റിയവർ മാനസാന്തരപ്പെട്ട് തിരിഞ്ഞുവരണം. ഇങ്ങനെയുളളവരെക്കണ്ട് മറ്റു അക്രൈസ്തവരും യഥാർത്ഥ ദൈവം ഇവിടെയുണ്ട് എന്ന് മനസ്സിലാക്കി രക്ഷിക്കപ്പെടാൻ ഇടയാകും. ഒരു പുതിയ ജീവിതത്തിന്റെ (പുതിയ സൃഷ്ടിയുടെ അനുഭവം) ഉടമകളായിത്തീരും. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ ന്യായസനത്തിലും; രക്ഷിക്കപ്പെടാത്തവർ വെള്ള സിംഹാസന ന്യായവിധിയിലും നിന്നു കൊണ്ട് ഡോ. പുഷ്പരാജ് പറഞ്ഞു, മോഡറേറ്റർ പറഞ്ഞു, ബിഷപ്പ് പറഞ്ഞു, അച്ഛൻ പറഞ്ഞു എന്ന് പറഞ്ഞ് ആർക്കും രക്ഷപ്പെടാനാകില്ല. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. (2കൊരി. 5:21).

അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതിചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ (വെളി. 22:11).

നിങ്ങളെ ന്യായം വിധിക്കുന്നത് ദൈവം വചനം കൊണ്ടാണ്. എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനംതന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹ. 12:48).

ദൈവവചനത്തിലെ പഥ്യ ഉപദേശം വളരെ ലളിതമായി പരിശുദ്ധാത്മാവ് നല്കിയിരിക്കുന്നു. അത് മനസ്സിലാക്കി അതിന് അനുസരിക്കുക. അല്ലാതെ ആരു പറഞ്ഞാലും അതു കേൾക്കാതിരിക്കുക; അത് ചെയ്യാതിരിക്കുക. നിങ്ങളുടെ ജീവിതം ഇഹത്തിലും പരത്തിലും ഭാഗ്യമുള്ളതാകാൻ, നിങ്ങളുടെ മരണം നിത്യ ജീവിതത്തിന്റെ മധുര മനോഹരമായ വാതിലാകാൻ ഇന്നു തന്നെ സത്യ സുവിശേഷത്തിന്റെ മംഗള മണിനാദം ശ്രവിക്കുക. ആത്മരക്ഷയുടെ അതുല്യ ആവേശാനുഭൂതി നിങ്ങളുടെ സ്വന്തമാകട്ടെ! മാറനാഥാ!

പ്രാർത്ഥനയോടെ,

നിങ്ങളുടെ,

ഡോ. പുഷ്പരാജ്

## ONLINE BANKING

### A/c Name : Dr. M.G.E.PUSHPARAJ :

**(Overseas Doners):**

**1). Bank Name :** **State Bank of India**
**Srirangapalayam Branch - SALEM -1970**
**Swift code: SBININBB637 A/c No. 10764116842,**
**(India Doners):**
**IFSC CODE : SBIN0001970-**
**A/c No.10764116842**

**2) Bank Name:** **CANARA BANK,**
**(Suramangalam Branch) - 1219**
**(Overseas Doners):**
**SWIFT CODE: CNRBINBBSLM - A/c No. 1219101013622**

**(India Doners):**
**IFSC CODE : CNRB0001219 - A/c No. 1219101013622,**
**MICR CODE: 636015005.**

# 1. പഴയ സൃഷ്ടിയും പുതിയ സൃഷ്ടിയും

***ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. (2കൊരി. 5:17)***

*ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന പ്രസ്താവനയോടെയാണ് വേദപുസ്തകം ആരംഭിക്കുന്നത്. അതി മനോഹരമായി ആദിയിൽ സൃഷ്ടിക്കപ്പെട്ട ഭൂമി ഏതോ കാരണത്താൽ പാഴും ശൂന്യവുമായി ഭവിച്ചുപോയതിനാൽ അതിനെ നവീകരിച്ച് അധിവാസയോഗ്യവും ഉപയോഗയോഗ്യവുമായി തീർക്കുന്ന ചരിത്ര സംഭവമാണ് ഉൽപത്തി പുസ്തകത്തിന്റെ പ്രാരംഭ ഭാഗത്തു നാം കാണുന്നത്.*

*പാപരഹിതനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപികളും ശിക്ഷായോഗ്യരുമായി തീർന്നുപോയെങ്കിലും ദൈവം തന്റെ അളവറ്റ കൃപയാൽ അവരെ വീണ്ടെടുത്ത് ഫലസമ്പൂർണമായ ഒരു ജീവിതാനുഭവത്തിലേക്ക് നടത്തുന്ന സംഭവത്തിന്റെ നിഴലാണ് ഈ ചരിത്ര സംഭവം.*

*ഉൽപത്തിയിൽ പറയപ്പെടുന്ന സൃഷ്ടികളെല്ലാം ആറു ദിവസം കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണെന്നും അങ്ങനെയെങ്കിൽ ഈ ലോകം ഉണ്ടായിട്ട് ഏതാണ്ട് ആറായിരത്തോളം വർഷങ്ങൾ മാത്രമേ ആയിട്ടുള്ളൂ എന്നും ഈ വാക്യത്തെ ചിലർ ദുർവ്യാഖ്യാനം ചെയ്തുപോരുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ വേദപുസ്തകം അങ്ങനെ പറഞ്ഞിട്ടില്ല. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചത് അവിടെ കാണുന്ന ആറു ദിവസത്തെ വൃത്താന്തത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രത്യുത, പാഴും ശൂന്യവുമായി ഭവിച്ച ഭൂമിയെ നവീകരിച്ചെടുത്തതിന് ഉപയോഗിച്ച സമയ പരിധിയാണ് ആറു ദിവസമായി അവിടെ പറഞ്ഞിരിക്കുന്നത്.*

അങ്ങനെയെങ്കിൽ നാം അധിവസിക്കുന്ന ഭൂമി ഉണ്ടായിട്ട് എത്ര കാല മായിക്കാണും എന്നു ചോദിച്ചാൽ അതിന്-ആദിയിൽ എന്ന ഉത്തരമല്ലാതെ സമയപരിധി നിശ്ചയിക്കാവുന്ന ഒരു പ്രസ്താവനയും വേദത്തിൽ കാണുകയില്ല എന്നു പറയാം. ഭൂമിയുടെ മൂന്നു വിധ അവസ്ഥയെപ്പറ്റി ഉൽപത്തി ആരംഭത്തിൽ പറയുന്നു.

## 1. ആദിയിൽ സൃഷ്ടിക്കപ്പെട്ട ഭൂമി

അന്ന് അതു അധിവാസ യോഗ്യമായിരുന്നു (യെശ. 45:18) അതിൽ പാർത്തിരുന്നത് ലൂസിഫറും കൂട്ടരും ആയിരുന്നു. യെഹ. 28, യെശ. 14 മുതലായ അധ്യായങ്ങൾ പഠിച്ചാൽ ഈ സത്യത്തിനു സ്ഥിരീകരണം ലഭിക്കും.

നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു (യെശ. 28:23) എന്നു പറയുന്നത് ആദാമിനെ സൃഷ്ടിച്ച് ആക്കിയ ഏദെൻ തോട്ടത്തെയല്ല, പിന്നെയോ ആദിമ ഭൂമിയിലെ ഏദനെയാണ്.

മനോഹരമായി ആദിയിൽ സൃഷ്ടിക്കപ്പെട്ട ഭൂമി പാഴും ശൂന്യവുമായി ഭവിച്ചു എന്നതാണ് അടുത്ത പ്രസ്താവന. ഈ വിധം ഒരു ശിക്ഷാവിധി ഭൂമിക്ക് സംഭവിക്കേണ്ടതായി വന്നത് അതിലെ നിവാസികളുടെ ദുഷ്ടത നിമിത്തമാണെന്ന് വചനം പറയുന്നു(സങ്കീ. 107:33; യിരെ. 4:23; യെശ. 45:18).

പുരാതന ലോകത്തെ ദൈവം ശിക്ഷിച്ചതും, സോദോം ഗോമോറായിൽ അഗ്നി വർഷിച്ചതും, ഇനി ഭൂമിയെ അഗ്നിയാൽ ശുദ്ധീകരിച്ചെടുക്കുവാൻ പോകുന്നതും അതിലെ നിവാസികളുടെ പാപം നിമിത്തമാണല്ലോ. ഇയ്യോബ് ഇതേ പറ്റി പറയുന്നതു ശ്രദ്ധിക്കുക (9:6,7) വായിക്കുക.

## 2. പാഴും ശൂന്യവുമായിത്തീർന്ന ഭൂമി

അവൻ ഭൂമിയെ സ്വസ്ഥാനത്തുനിന്ന് ഇളക്കുന്നു. അതിന്റെ തൂണുകൾ കുലുങ്ങിപ്പോകുന്നു. അവൻ സൂര്യനോടു കല്പിക്കു

ന്നു. അത് ഉദിക്കാതിരിക്കുന്നു. അവൻ നക്ഷത്രങ്ങളെ പൊതിഞ്ഞ് മുദ്രയിടുന്നു. ലൂസിഫറും കൂട്ടരും ആദിമ ഭൂമിയിലെ നിവാസികളായിരുന്നു. അവർ പാപം ചെയ്തപ്പോൾ ദൈവം അവരെയും അവർ പാർത്ത ഭൂമിയെയും ശിക്ഷിച്ചു. ഭൂമിയെ സ്വസ്ഥാനത്തുനിന്ന് ഇളക്കിക്കളഞ്ഞു. ഉദയവും അസ്തമനവും ഉണ്ടാകാത്തവണ്ണം പൊതിഞ്ഞുകെട്ടുകയും ചെയ്തു. അങ്ങനെ ഭൂമി അതിന്റെ അച്ചുതണ്ടിൽനിന്നു മാറുകയും തൽഫലമായി ഉദയാസ്തമനങ്ങൾ ഇല്ലാതെ ഭൂമി ഒരു ഇരുണ്ടഗോളമായിത്തീരുകയും, പാഴും ശൂന്യവുമായി ഭവിക്കയും ചെയ്തു എന്നുള്ളതാണ് സംഭവത്തിന്റെ ചുരുക്കം.

എത്രനാൾ ഇപ്രകാരം ഇരുണ്ട വെള്ളങ്ങളിൽ പൃഥിനിർലീനമായി കിടന്നെന്നറിവില്ല. എങ്കിലും, ദൈവം തന്റെ സൃഷ്ടിയെ എന്നേക്കുമായി തള്ളിക്കളഞ്ഞില്ല എന്നുള്ളതിന്റെ തെളിവായി ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു അഥവാ പൊരുന്നിരുന്നു എന്നു വായിക്കുന്നു. നവീകരണത്തിനുവേണ്ടിയുള്ള പ്രതീക്ഷ ഈ പ്രസ്താവനയുടെ ഒരു പ്രത്യേകതയാണെന്നു പറയാം.

### 3. നവീകരിക്കപ്പെട്ട ഭൂമി

അന്ധകാരത്താൽ മൂടപ്പെട്ട് ആഴത്തിൻ കീഴിൽ ആഴ്ത്തപ്പെട്ട് പാഴും ശൂന്യവുമായിത്തീർന്ന ഭൂമിയെ ഇന്നത്തെ നിലയിൽ അധിവാസയോഗ്യമാക്കിത്തീർത്തു എന്നുള്ളതാണ് ഭൂമിയുടെ മൂന്നാമത്തെ അവസ്ഥ. അതിന്റെ പ്രാരംഭമായി വെളിച്ചം ഉണ്ടാകട്ടെ അഥവാ വെളിച്ചം ഭൂമിയിൽ വ്യാപരിക്കട്ടെ എന്നു ദൈവം കല്പിച്ചു. അപ്പോൾ വെളിച്ചം ഭൂമിയിൽ കടന്ന് വ്യാപരിച്ചു. അങ്ങനെ ഭൂമിക്ക് ഒരു അച്ചുതണ്ട് ഉണ്ടാക്കുകയും ഭ്രമണം തുടങ്ങുകയും ചെയ്തു. അതിന്റെ ശേഷം ഉദയാസ്തമനങ്ങൾ ഉണ്ടാകുകയും ഭൂമി ഒന്നാം ദിവസത്തിലേക്ക് പ്രവേശിക്കയും ചെയ്തു. തുടർന്ന് ആറു ദിവസം കൊണ്ട് ഭൂമി ഇന്നത്തെ അവസ്ഥയെ പ്രാപിച്ചു എന്നുള്ളതാണ് ചുരുങ്ങിയ ചരിത്രം.

ഇതു മനുഷ്യന്റെ വീണ്ടെടുപ്പിന്റെ ഒരു ചിത്രം കൂടിയാണ്. ദൈവം മനുഷ്യനെ പാപരഹിതനായും തന്റെ സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത്. സകലവിധ സമൃദ്ധിയുടെയും കേദാരമായ തോട്ടത്തിൽ അവനെ ദൈവം പാർപ്പിച്ചു. സകല സൃഷ്ടികളുടെ മേലും വാഴുവാനുള്ള അധികാരവും ദൈവം അവനു നല്കി. ഈ വിധം ഉന്നതനാക്കപ്പെട്ട മനുഷ്യൻ ദൈവ കല്പന ലംഘിച്ചതിനാൽ പാപിയും ഭയമുള്ളവനും മരണത്തിനു വിധേയനായും തീർന്നു. മനുഷ്യന് അവകാശമായി ലഭിച്ചിരുന്ന ഭൂമിയും തന്മൂലം ശാപഗ്രസ്തമായിത്തീർന്നു. ഇപ്രകാരം ദൈവത്തിൽനിന്ന് അകന്ന് ഇരുളും ആഴവും സൂചിപ്പിക്കുന്ന വിധം പാപത്തിനും ന്യായവിധിക്കും അവൻ അർഹനായിത്തീർന്നു. ഈവിധം മനുഷ്യനു താഴ്ച സംഭവിച്ചു പോയിട്ടും ദൈവം അവനെ ഉപേക്ഷിച്ചുകളഞ്ഞില്ല. ദൈവവചനത്താലും ദൈവാത്മാവിനാലും അവനെ പുതിയ സൃഷ്ടിയാക്കിത്തീർക്കുവാൻ ദൈവം മനുഷ്യനോട് കൃപ കാണിച്ചു. പാപം പെരുകിയയിടത്ത് കൃപ അത്യന്തം വർധിച്ചു എന്നാണല്ലോ വേദസൂക്തം (റോമ. 5:20).

ആദാമിന്റെ പാപം ഒരു പ്രാതിനിധ്യ സ്വഭാവമുള്ളതാകയാൽ അതു അവന്റെ സന്താനപരമ്പരകളെയും അങ്ങനെ മുഴുലോകത്തെയും ബാധിച്ചുകളഞ്ഞു. മുമ്പേ നിങ്ങൾ ഇരുൾ ആയിരുന്നു (എഫേ. 5:8; 2:1) എന്നുള്ള പ്രസ്താവനകൾ ഈ വസ്തുതയെ കാണിക്കുന്നതാണ്. എന്നാൽ ഇപ്പോഴോ കർത്താവിൽ വെളിച്ചവും ഉയിർത്തെഴുന്നേറ്റവരും ആയി എന്നാണു പറയുന്നത്. അന്ധകാരത്തിൽനിന്നു വെളിച്ചം ഉദിക്കട്ടെ എന്ന് അരുളി ചെയ്ത ദൈവം തന്നെയാണ് ക്രിസ്തുവിന്റെ മുഖത്തു ശോഭിക്കുന്ന ദൈവതേജസ്സിന്റെ പരിജ്ഞാനം നമുക്കു നല്കുന്നതിന് അവിടുത്തെ വെളിച്ചം നമ്മുടെ ഹൃദയങ്ങളിൽ പ്രകാശിപ്പിച്ചത് (2കൊരി. 4:6). ഇങ്ങനെയാണ് നമ്മുടെ ക്രിസ്തീയ ജിവിതത്തിന്റെ ഒന്നാം ദിവസം തുടങ്ങിയത്. ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു.

പഴയതു കഴിഞ്ഞുപോയി. അങ്ങനെ അവന്റെ പേരു കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതപ്പെടുന്നു (ലൂക്കൊ. 10:20). അതുവരെയുള്ള കാലം അറിയായ്മയുടെ കാലമായി ദൈവം തള്ളിക്കളയുന്നു (പ്രവൃ. 17:30).

പുറപ്പാട് 12-ൽ അതിന്റെ മറ്റൊരു നിഴൽ കാണുന്നു. യിസ്രായേൽജനം നാനൂറിൽപരം വർഷങ്ങൾ മിസ്രയീമിൽ ഫറവോന്റെ അടിമത്തത്തിൻ കീഴിലായിരുന്നു. എന്നാൽ അവിടെനിന്ന് അവരെ വിടുവിക്കുമ്പോൾ പറഞ്ഞത്, ഈ മാസം നിങ്ങൾക്ക് മാസങ്ങളുടെ ആരംഭമായി ആണ്ടിൽ ഒന്നാം മാസം ആയിരിക്കണം എന്നാണ്. ഏഴാം മാസത്തിലാണ് ഇതു ദൈവം പറഞ്ഞത്. ഏഴാം മാസമായ ആബീബ് അപ്പോൾ മുതൽ അവരുടെ ചരിത്രത്തിന്റെ ഒന്നാം മാസമായി എണ്ണുവാൻ തുടങ്ങി.

മിസ്രയീം ജീവിതത്തിന്റെ തുടർച്ചയല്ല അവരുടെ കനാൻയാത്ര എന്ന് ദൈവം അവരെ പഠിപ്പിച്ചു. അവരുടെ ഉത്സവത്തോടുകൂടെ ആണ്ട്, മാസം, തീയതി പോലും പുതുതായിത്തീർന്നു. ക്രിസ്തു ഉള്ളിൽ വരുമ്പോൾ ഉണ്ടാകുന്ന മാറ്റം എത്രയോ വലിയതാണ്.

ഇരുളും വെളിച്ചവും വെളിച്ചത്താൽ നിയന്ത്രിക്കപ്പെട്ടു. വെളിച്ചം എങ്ങും വ്യാപിച്ചു. ഉദയാസ്തമനങ്ങൾ ഉണ്ടായി. ഭൂമി നവീകരണത്തിന്റെ പാതയിൽ വന്നു. അങ്ങനെ ഒന്നാം ദിവസമായി. ക്രിസ്തുവിനെയാണ് ഈ വെളിച്ചം സൂചിപ്പിക്കുന്നത്. അവൻ ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ്. ഈ അത്ഭുതപ്രകാശം സ്നേഹിതാ, നിന്റെ ഹൃദയത്തിൽ കടന്നുവന്നിട്ടുണ്ടോ? യേശുവിനെ കർത്താവും രക്ഷിതാവുമായി ഇപ്പോൾ തന്നെ ഹൃദയം കൊണ്ട് വിശ്വസിച്ച് വായ്കൊണ്ട് ഏറ്റു പറയുമോ? എന്നാൽ നീ രക്ഷിക്കപ്പെടും (റോമ. 10:9). അപ്പോൾ നിന്നെ നോക്കി നല്ലത് എന്ന് ദൈവം പറയും.

ഈ ചരിത്രത്തിൽ നാം പ്രത്യേകം കുറിക്കൊള്ളേണ്ട ചില കാര്യങ്ങൾ ഉണ്ട്. അതു നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമാകയാൽ ഇവിടെ ഓർമിപ്പിക്കുന്നു. ഉൽപത്തി

ഒന്നാം അദ്ധ്യായം ' ' ദൈവം' ' എന്ന പദത്തെക്കൊണ്ട് നിറഞ്ഞിരിക്കുന്ന അദ്ധ്യായമാണ്. ആ വാക്ക് ഏതാണ്ട് മുപ്പതു പ്രാവശ്യത്തോളം അവിടെ കാണുന്നുണ്ട്. അതുപോലെ നമ്മുടെ ജീവിതത്തിലും ദൈവം നിറഞ്ഞിരിക്കേണ്ടതാണ്. നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്ന അനുഭവമാണ് ഉയർന്ന ക്രിസ്തീയ അനുഭവം. ദൈവം കല്പിച്ചു അങ്ങനെ തന്നെ സംഭവിച്ചു എന്ന് പത്തു പ്രാവശ്യം പറഞ്ഞിരിക്കുന്നു. ദൈവം തന്റെ ജനത്തോടു കല്പിക്കുന്നവനാണ്. നമ്മോടുള്ള എല്ലാ കല്പനകളുടെയും കാര്യത്തിൽ; അങ്ങനെ തന്നെ സംഭവിച്ചു എന്നു പറവാൻ ഇടയാകണം.

ഒരു കല്പന മാത്രമല്ല, എല്ലാ കല്പനകളും ഒന്നാം ദിവസം മാത്രമല്ല, എല്ലാ ദിവസവും നാം അനുസരിക്കണം. അനുസരണമാണ് അനുഗ്രഹത്തിനു കാരണം. നല്ലത് എന്ന് പറഞ്ഞു തുടങ്ങിയ ചരിത്രം എത്രയും നല്ലത് എന്ന് ദൈവം കണ്ടു എന്നു പറഞ്ഞാണ് അവസാനിപ്പിച്ചത്. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളെയും കുറിച്ച് നല്ലത് എന്നു പറവാനിടയായാൽ എത്രയും നല്ലത് എന്ന സാക്ഷ്യത്തോടെ തിരശ്ശീലയ്ക്കപ്പുറത്തേക്ക് കടന്നുചെല്ലുവാനിടയാകും.

# E - Mail

ജാമക്കാരൻ മാസിക ആവശ്യപ്പെടുന്നവരും പ്രാർത്ഥനാ വിഷയങ്ങൾ എഴുതി അറിയിക്കുന്നവരും ബാങ്ക് വഴിയായി പണം അയയ്ക്കുന്നവരും തങ്ങളുടെ പൂർണ്ണ വിലാസത്തോടൊപ്പം ഫോൺ നമ്പരും കൂടി എഴുതി അയച്ച് സഹായിക്കണം. എങ്കിൽ ഉടനെതന്നെ മറുപടി അയയ്ക്കുവാൻ കഴിയും. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പഴയവിലാസവും പുതിയ വിലാസവും എഴുതി അറിയിക്കണം.

# സാക്ഷ്യമില്ലാത്ത വാർത്തകൾ - ചില ആലോചനകൾ!

## C.S.I. Moderator ജയിലിൽ അടയ്ക്കപ്പെട്ടു



**Most. Rev. Gowda Devasirvadam**

***ആന്ധ്രാപ്രദേശിലെ കൃഷ്ണാ ഗോദാവരി*** C.S.I. Diocese ***ലെ ബിഷപ്പും*** Moderator ***മായിരുന്ന*** Most.Rev. Gowda Devasirvadam ***ജയിലിലായി. ഇദ്ദേഹം പദവിയിലിരുന്നപ്പോൾ ആന്ധ്രയിൽ*** Eloor ***എന്ന സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് മിഷനറികൾ വാങ്ങിക്കൊടുത്ത*** School***ലെ സ്ഥലം വിറ്റതിൽ 7 കോടി രൂപ വെട്ടിപ്പ് നടത്തി തന്റെ അരരീ൫ിൽ വരവ് വച്ചു. ഇതു കൂടാതെ ധാരാളം അഴിമതി കേസുകൾ ഇപ്പോഴും നിലവിലുണ്ട്. മുമ്പ് നടന്ന ഒരു കൊലക്കേസിലും ഇദ്ദേഹം ഉൾപ്പെട്ടിരിക്കുന്നു എന്ന് പറയപ്പെടുന്നു. ആ കേസുകൾ ഇപ്പോഴും നിലവിലുണ്ട്.***

***ഇതിൽ ആശ്ചര്യം എന്തെന്നാൽ, പ്രസംഗിക്കാനുള്ള പ്രത്യേകം താലന്ത് ലഭിച്ച വ്യക്തിയാണ്*** Moderator ***അവർകൾ. ഇദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ മാസന്തോറും നടക്കുന്ന ശുശ്രൂകരുടെ യോഗത്തിലേക്കു അച്ചന്മാർ താല്പര്യത്തോടെ വരുമായിരുന്നു. ഇദ്ദേഹം*** C.S.I. Synod ***ന്റെ ടലര്യലമ്യ്യ ആയും പ്രവർത്തിച്ച വ്യക്തിയാണ്.***

സഭയുടെയും മിഷൻ വക സ്ഥാപനങ്ങളുടെയും നിലങ്ങളെ വിറ്റ് തങ്ങളുടെ പേരിൽ കാശാക്കിയവരൊക്കെ അതിന്റെ ശിക്ഷ ധാരാളമായി അനുഭവിച്ചുകൊണ്ടിരിക്കുന്നത് വായനക്കാർക്ക് അറിയാമല്ലോ. ഇതിനാൽ സാക്ഷ്യം നഷ്ടപ്പെടുന്നു.

ദൈവനാമത്തിന് അപമാനം വരുന്ന, സാക്ഷ്യക്കുറവുണ്ടാക്കുന്ന വാർത്തകളെ നൽകിയാൽ അത് നേതാക്കൾക്കെതിരായ വ്യക്തി ഹത്യയെന്ന് പറഞ്ഞു നടക്കുന്നത് ശരിയാണോ? തെറ്റുണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ടതും; ഇനി സംഭവിക്കാതിരിക്കാനുള്ള മുൻ കരുതലുകൾ എടുക്കുകയുമല്ലേ ചെയ്യേണ്ടത്. ആരെയും അപമാനിക്കണം എന്നത് എന്റെ ലക്ഷ്യമേയല്ല. മറിച്ച്, ഈ വക വാർത്തകൾ ലോക മനുഷ്യർ പല മാധ്യമങ്ങളിലൂടെ അറിയുമ്പോൾ അത് ദൈവനാമത്തിന് എന്തെല്ലാം അപമാനങ്ങൾ ഉണ്ടാക്കുന്നു എന്ന് വായനക്കാർ ചിന്തിച്ചിട്ടുണ്ടോ? ക്രിസ്തു മതത്തിന്റെ ഈവക പദവികൾ അവർക്ക് ലഭിച്ചത് ഇമ്മാതിരിയുള്ള സാമ്പത്തിക തിരിമറികൾ നടത്തുവാനാണോ? അതോ വിശ്വാസികളെ ശുശ്രൂഷിക്കുവാനോ? കഷ്ടമെന്ന് പറയട്ടെ, ഈ പദവികൾ ഒരു ശർക്കരപാനിക്കുടം എന്നറിഞ്ഞ് കാശു കൂടുതൽ കൊടുത്താണ് പദവികൾ നേടുന്നത്.

മുൻ ബിഷപ്പുമാരായ സുഗന്ധർ, ദേവകടാക്ഷം എന്നിവരുടെ കാലയളവിൽ ബിഷപ്പ് പദവി ലഭിച്ചവരൊക്കെ കോടികൾ വിതച്ചിട്ടാണ് ആ പദവി നേടിയെടുത്തത് (അതിന് കാശുകൾ ധാരാളമായി നല്കിയ വ്യക്തികളെ എനിക്കു നേരിട്ടറിയാം). എത്ര തുകകൾ എത്ര സഭകളിൽ നിന്ന് നേരിട്ട് പോയി എന്ന് പരസ്യപ്പെടുത്തിയ C.S.I. സഭകളും നമുക്ക് ചുറ്റും ഉണ്ട്. ഒരു ഡയോസിസിൽ രണ്ട് ഗ്രൂപ്പുകൾ ഒന്നേകാൽ കോടി; ഒന്നരകോടി എന്നീ

തുകകൾ കയ്യിൽ വച്ച് ബിഷപ്പ് (മോഡറേറ്റർ) ബംഗ്ലാവിന് ചുറ്റും കറങ്ങിയതും; അവർ ബിഷപ്പിന്റെ മകനോട് സംസാരിച്ചതും Voice Record ആയിരിക്കുന്നു. ഇതിൽ ഏത് ഗ്രൂപ്പിന്റെ കാശുവാങ്ങി അവരുടെ പ്രതിനിധിയെ ബിഷപ്പാക്കി എന്നതിനുള്ള സാക്ഷികൾ ഇപ്പോഴുമുണ്ട്. ഇങ്ങനെ പദവി നേടിയ വ്യക്തികൾ ഡയോസിസിനെ ആത്മീയ അഭിവൃദ്ധിയിലേക്ക് നയിക്കേണ്ടതിന് പകരം ദുരുപദേശങ്ങളെ സഭയിൽ വിതയ്ക്കുന്നതും നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ.

കഴിഞ്ഞ നാളുകളിൽ tsunami സാമ്പത്തിക വെട്ടിപ്പിൽ Synod Secretary ജയിലിൽ അടയ്ക്കപ്പെട്ടതും ആ നാളുകളിലെ Bishop മാർ CBI അന്വേഷണ വലയത്തിലായതും വായനക്കാർ ഓർക്കുന്നുണ്ടല്ലോ!

ഈ വക കാര്യങ്ങൾ മാസികയിലൂടെ വായനക്കാർ വായിക്കുന്നതുകൊണ്ട് സഭയ്ക്കും വിശ്വാസികൾക്കും എന്താണ് നേട്ടം? സഭയിലെ ചുമതലപ്പെട്ട വ്യക്തികളിൽ എന്ത് മാറ്റം ഉണ്ടായി? എന്ത് നടപടികൾ എടുക്കപ്പെട്ടു?

സഭാ ജനങ്ങൾക്ക് ഒന്നും ചെയ്യാനില്ലേ? തങ്ങൾക്ക് നല്ല ഇടയന്മാരെ ലഭിക്കാനായി പ്രാർഥിക്കാം. പ്രാർഥന കേൾക്കുന്ന ദൈവം പഥ്യോപദേശത്തിന്റെ പച്ചയായ പുല്പുറങ്ങളിലേക്ക് നിങ്ങളെ നടത്തി സ്വസ്ഥതയുള്ള വെള്ളമായ പരിശുദ്ധാത്മ സന്തോഷത്തിന്റെ കൂട്ടായ്മയും നല്കും.

ആടുകളെക്കുറിച്ച് യാതൊരു ചിന്തയുമില്ലാത്ത (യെഹസ്ക്കേൽ 34-ാം അദ്ധ്യായം) ഇടയന്മാർക്ക് ഞാൻ കണ്ണിലെ കരടാണ്. ആത്മീയരായ ഇടയന്മാരും സഭകളും പ്രതികരിക്കാതെ ഒളിഞ്ഞിരിക്കുന്നു. ഇത് ശരിയല്ല. പരിശുദ്ധാത്മാവ് സത്യാത്മാവാണ്. അവിടുന്ന് സത്യത്തിലേക്കു വഴി നടത്തുന്ന

ദൈവമാണ്. പഴയ നിയമ കാലത്ത് ഇസ്രയേൽ ജനതയും പുതിയ നിയമം നിലവിലിരിക്കുന്ന സഭയുടെ ഇക്കാലത്തും ദൈവ ജനം വചനത്തിൽ നിന്നും, ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചുപ്പോയപ്പോൾ ഒക്കെ തിരുത്തൽ ശക്തികളായി വ്യക്തികളെയും, ചെറിയ കൂട്ടങ്ങളെയും ദൈവം എഴുന്നേല്പ്പിച്ചിട്ടുണ്ട്.

നിരന്തരമായ പ്രാർഥന, യാചന എന്നിവയിലൂടെ നിങ്ങൾ ദൈവ പക്ഷത്ത് ചേരുമെങ്കിൽ, ദൈവം തന്റെ പ്രവൃത്തി തുടങ്ങും. ആദ്യം ന്യായ വിധിയും പിന്നെ ശുദ്ധികലശവും. ഒരു വശത്ത് ഇടയന്മാരില്ലാത്ത ആടുകൾ, മറുവശത്ത് കൂട്ടത്തിൽ ചേരാത്ത (പാതാളത്തിലെ) ആടുകളുടെ നീണ്ട നിര!

ഒരു മാറ്റം ഈ കാലഘട്ടത്തിന്റെ അനിവാര്യമാണ്. ലോകമോഹവും, കൺ മോഹവും, ജഡമോഹവും പടർന്നു പന്തലിച്ചു നില്ക്കുന്ന സഭയിൽ, സഭാകാന്തൻ ശുദ്ധിക്രിയ തുടങ്ങും. ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായിക്കാത്ത കൊമ്പൊക്കെയും അവൻ നീക്കിക്കളയുന്നു; കായിക്കുന്നതൊക്കെയും അധികം ഫലം കായിക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു (യോഹ. 15:1,2). ഈ നാളുകളിൽ പിശാചിന്റെ കയ്യിലെ ആയുധങ്ങളായി പ്രവർത്തിക്കുന്ന ഇടയന്മാർക്കെതിരെ വിനീത വിധേയ മൗനികളാകുന്നതും ഒന്നും കണ്ടില്ലെന്ന് നടിക്കുന്നതും നന്നല്ല, പ്രാർഥിക്കുക, ഉണരുക.

ദൈവം എന്നെ ഏല്പിച്ച ദൗത്യം അത് ഭംഗിയായി നിറവേറ്റണം എന്നാണ് എന്റെ ആഗ്രഹം. വരുന്ന നാളുകളിലും ദൈവം അനുവദിച്ചാൽ ഈ ദൗത്യം തുടർന്നു നിറവേറ്റും. ഇതിൽ എനിക്കു ലഭിക്കുന്ന ഒരു വലിയ

*സംതൃപ്തി എന്തെന്നാൽ വിശ്വാസികൾക്ക് (ആടുകൾക്ക്) പച്ചയായ പുൽപുറങ്ങളും സ്വച്ഛമായ ജീവജലാശയവും (സത്യ സുവിശേഷവും, പഥ്യ ഉപദേശവും) നല്കാൻ അവസരം ലഭിക്കുന്നത് എന്നതാണ്. വായനക്കാർ എല്ലാവരും കർത്താവിന്റെ വരവിൽ കാണപ്പെടണമെന്നും, ആരും നഷ്ടപ്പെട്ടുപോകരുതെന്നുമാണ് എന്റെ എപ്പോഴുമുള്ള പ്രാർഥനയും യാചനയും.*

*കുറിപ്പ്: 1. ഒരിക്കൽക്കൂടെ, മാന്യ ദൈവദാസന്മാരോട് പറയുവാൻ ആഗ്രഹിക്കുന്നത് – നിങ്ങൾ പദവികൾ സ്വീകരിച്ചപ്പോഴുള്ള പ്രതിജ്ഞാ വാചകങ്ങൾ നിങ്ങളുടെ മേശപ്പുറത്തും, ചുവരിലും വച്ച് അവ വീണ്ടും വീണ്ടും വായിക്കുക; ചിന്തിക്കുക.*

*2. ഓരോ ആഴ്ചയിലും ആരാധന മധ്യേ പറയുന്ന നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ വാക്കുകൾ ചിന്തിച്ച് സ്വയം പരിശോധിക്കുക.*


*ങമശിഹശില രവൗൃരവ കളിലെ ശുശ്രൂഷകർക്കായി ഈ കുറിപ്പ് ഒരോർമ്മക്കുറിപ്പായി ഇവിടെ രേഖപ്പെടുത്തുന്നു.*



## മദ്രാസ് C.S.I ഡയോസിസ് ബിഷപ്പിന്റെ ആഡംബരം

*മദ്രാസ്* C.S.I *ഡയോസിസ് ബിഷപ്പ്* Rt. Rev. George Stephen *അവർകൾ ആഡംബര ജീവിതത്തിൽ തമിഴ്നാട് മുൻ മുഖ്യമന്ത്രി ജയലളിതയെ തോൽപിക്കുന്നവണ്ണം തന്നെ*

വിളിക്കുന്ന സഭയിൽ എങ്ങനെ ബഹുമാനിക്കണം എന്ന് അച്ചൻമാർ വഴി പറഞ്ഞ് ഏല്പിക്കുന്നു. ഒരു സഭയിൽ സ്ഥിരീകരണത്തിന് വരണമെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും Functionനു വരണ മെങ്കിൽ വഴിമുഴുവനും flexboard ഒരു ആളിന്റെ ഉയരത്തെക്കാൾ വലുത് വയ്ക്കണം. മാലയിടുമ്പോൾ ഒരാളെക്കാൾ ഉയരമുള്ള റോസാപ്പൂമാല ഇടണം. പള്ളിമുറ്റം വരെ കാർ ചെന്നാലും റോഡിൽ നിന്ന് പള്ളിവരെ രണ്ട് കുതിരകൾ ഉള്ള രഥത്തിൽ ബിഷപ്പിനെയും കൊച്ചമ്മയേയും സ്വീകരിച്ച് കൊണ്ടുപോകണം. എല്ലാ കൂട്ടങ്ങ ളിലും താമസിച്ചു വരുന്നതാണ് ഇദ്ദേഹ ത്തിന്റെ പതിവ്. അതുവരെ C.S.I സ്കൂൾ പെൺകുട്ടികൾ പൂക്കളെ തട്ടത്തിൽ വച്ച് വെയിൽകൊണ്ട് കാത്തുനിൽക്കണം. ഏത് Function നു വന്നാലും ബിഷപ്പമ്മയ്ക്ക് സമ്മാനമായി സ്വർണ്ണമോതിരം കൊടുക്കണം.



ഇതിനെക്കുറിച്ച് ഒരു ചെറിയ ഉപസഭയുടെ സഭാജനങ്ങൾ ബിഷപ്പിന് എഴുതിയ അപേക്ഷയുടെ കോപ്പി എനിക്കും അയച്ചിരിക്കുന്നു. അതിന്റെ ചുരുക്കം താഴെ

ബിഷപ്പ് അവർകൾക്ക്, : സഭാജനങ്ങളുടെ പേരിൽ എഴുതുന്ന ഈ കത്ത് ദയവായി വായിക്കണം. ഞങ്ങളുടെ സഭ വളരെ സാധുക്കൾ നിറഞ്ഞ സഭയാണ്. കാണിക്ക വരവ് വളരെ കുറവാണ്. ഈ സ്ഥിതിയിൽ ഉള്ള സഭയിലെ കുഞ്ഞുങ്ങളുടെ സ്ഥിരീകരണത്തിന് അങ്ങയെ

ക്ഷണിച്ചിരിക്കുന്നു. അച്ചൻ പല ലക്ഷങ്ങൾ ബഡ്ജറ്റ് ഇട്ട് സഭയെ അറിയിച്ചു. ബിഷപ്പമ്മയ്ക്ക് കൊടുക്കാൻ മോതിരത്തിന്റെ വില 75000/- രൂപ. പിന്നെ മറ്റു ചിലവുകൾക്ക് പണപ്പിരിവു നടത്തണം. ഓരോരുത്തരും കൊടുക്കേണ്ട തുക അച്ചൻ അറിയിച്ചു. ഞങ്ങൾ ഭൂരിപക്ഷം പേരും കൂലിപ്പണി ചെയ്യുന്നവരാണ്. ഞങ്ങളെക്കൊണ്ട് ആ പണം കൊടുക്കുവാൻ സാധിക്കയില്ല. ഇത് അച്ചനും നല്ലവണ്ണം അറിയാം. ഞങ്ങൾ പണം കൊടുത്തില്ലെങ്കിൽ അച്ചൻ ഞങ്ങളുടെ മക്കളുടെ വിവാഹം സ്നാനം മറ്റ് വീട്ടുവിശേഷങ്ങൾ, മെഡി. കോളേജ് സ്പോൺസർ റെക്കമെന്റേഷൻ ഇവ ഞങ്ങൾക്ക് ചെയ്തുതരില്ല. അതുപേടിച്ചിട്ടാണ് കടം വാങ്ങി പൈസ കൊടുത്തിരിക്കുന്നു.

ഈ പ്രശ്നം ഞങ്ങളുടെ സഭയിൽ മാത്രമല്ല മദ്രാസ് ഡയോസിസിൽ എല്ലാ സഭയിലും ബിഷപ്പിനെക്കുറിച്ച് ദുഃഖത്തോടെ പറയുന്ന പരാതി ആകുന്നു. ഒരു പ്രാവശ്യം Function ന് വന്നിട്ടുപോയാൽ എത്ര ആയിരം രൂപ ബിഷപ്പിന് തരാൻ സാധിക്കുന്നു എന്ന് അറിയിക്കുന്നോ അതിന്റെ അടിസ്ഥാനത്തിലാണ് ബിഷപ്പ് തീയതികൾ കൊടുക്കുന്നത്. ഇത് ബിഷപ്പ് പദവിക്ക് അപമാനം ആണ്. ദേഷ്യപ്പെടാതെ ബിഷപ്പ് ഇത് മനസ്സിലാക്കി ഇങ്ങനെയുള്ള ആഡംബര സ്വീകരണം വേണ്ടാ എന്ന് പരസ്യമായി അറിയിക്കണം. ഈ കാര്യത്തിൽ ബിഷപ്പ് ഇഷ്ടപ്പെടാതെ പോയാലും അച്ചൻമാരുടെ സ്വയലാഭത്തിനുവേണ്ടി ഡിസ്ട്രിക്ട് ചെയർമാൻ പദവിക്കും, അച്ചൻമാരുടെ ട്രാൻസ്ഫറിനു വേണ്ടിയും അച്ചൻമാരുടെ അരപട്ടം മുഴുപട്ടം ആക്കാൻ വേണ്ടിയും ബിഷപ്പിനെ സന്തോഷിപ്പിക്കുവാൻ, ബിഷപ്പിന്റെ സഹായം ലഭിക്കുവാൻ സഭാജനങ്ങളായ ഞങ്ങളെ അച്ചൻമാർ ഞെക്കിപ്പിഴിയുന്നു.

മദ്രാസ് ഡയോസിസ് ഭരണം ബിഷപ്പിന്റെ ഭാര്യയുടെ കയ്യിലും ഭാര്യയുടെ സഹോദരന്റെ കയ്യിലുമാണ് ഇരിക്കുന്നത് എന്ന് ഡയോസിസ്

മുഴുവൻ അറിയപ്പെടുന്നു. ഇത് ബിഷപ്പിനും ഡയോസിസിനും വലിയ അപമാനം **ഉണ്ടാകുന്നു. പ്രാർത്ഥനയോടെ, ഡയോസിസിന്റെ**



ബിഷപ്പ് 2000 രൂപയുടെ റോസാപ്പൂമാല അണിഞ്ഞ് നിൽക്കുന്നു

നന്മയ്ക്കുവേണ്ടിയും സാക്ഷിക്ക് വേണ്ടിയും ഈ കത്ത് താങ്കൾക്ക് സമർപ്പിക്കുന്നു.

കുറിപ്പ്:- ഇതുപോലെ ധാരാളം കത്തുകളും മറ്റ് വിവരങ്ങളും മദ്രാസ് ബിഷപ്പിനെക്കുറിച്ച് വന്നുകൊണ്ടിരിക്കുന്നു.

**യേശുപറഞ്ഞു: ഞാൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി എന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്. അന്ന് നമ്മുടെ മിഷനറിമാർ നൂറും ഇരുന്നൂറും മൈൽ നടന്ന് ചെന്ന് സഭകളെ സന്ദർശിച്ചു റിങ്കൽറ്റോബേ എന്ന മിഷനറി വീഥിയിൽ നടന്നു പോകുമ്പോൾ ദാഹത്തിന് വെള്ളം ചോദിച്ചപ്പോൾ തന്റെ തൊപ്പിയെ കഴുകി അതിലാണ് വെള്ളം കുടിച്ചത്. ബിഷപ്പ് എന്നുള്ള സ്ഥാനം പദവിയല്ല, ദൈവവേലയാണ്. ഇത് ഓരോരോ ബിഷപ്പുമാരും ഓർത്താൽ അവർക്കും അവരുടെ കുടുംബത്തിനും സന്തതിക്കും നല്ലത്.**

# നിങ്ങളുടെ ചിന്തയ്ക്ക്

*നിങ്ങൾ വീണ്ടും ജനിക്കാത്ത ക്രിസ്ത്യാനി ആണെങ്കിലും, അക്രൈസ്തവനാണെങ്കിലും ദൈവപുത്രനിൽ (യേശുക്രിസ്തുവിൽ) വിശ്വസിക്കുന്നുവോ?*

*അതിന് അവൻ: ഞാൻ നിങ്ങളോട് പറഞ്ഞുവല്ലോ; നിങ്ങൾ ശ്രദ്ധിച്ചില്ല: വീണ്ടും കേൾപ്പാൻ ഇച്ഛിക്കുന്നത് എന്ത്? നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻ മനസ്സുണ്ടോ? (യോഹ. 9:27). നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ,*

1. *യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു യാതൊരു സംശയവും ഉണ്ടാകയില്ല.*
   *ശീമോൻ പത്രോസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു (മത്താ. 16:16).*

2. *നിങ്ങൾ നിങ്ങളുടെ പാപങ്ങളെക്കുറിച്ചു അനുതപിക്കും. (പ്രവൃത്തി. 20:21)*
   *ദൈവകൃപയാൽ നിങ്ങൾ അനുതപിക്കുമ്പോൾ:*
3. *പാപത്തെക്കുറിച്ചും നീതിയക്കുറിച്ചും വരുവാനുള്ള ന്യായവിധിയെക്കുറിച്ചും പരിശുദ്ധാത്മാവ് ബോധം വരുത്തും (യോഹ. 16:8).*

4. *നിങ്ങളുടെ ജീവിതം ധന്യമാകാൻ ഒരു വ്യക്തിയെ അന്വേഷിക്കും (യോഹ. 10:9,10)*

5. *ദൈവാത്മാവ് നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും മതിയായവനായ യേശുക്രിസ്തുവിന്റെ അടുക്കൽ എത്തിക്കും (യോഹ. 16:13).*

6. പരിശുദ്ധാത്മ സഹായത്താൽ നിങ്ങൾ യേശുക്രിസ്തുവിനെ കാണേണ്ട രീതിയിൽ കാണുമ്പോൾ അവിടുത്തെ പാദാരവിന്ദങ്ങളിൽ വീണ് കർത്താവേ എന്നെ രക്ഷിക്കേണമേ എന്ന് വിളിക്കും. (യോഹ. 20:28)

7. അപ്പോൾ നിങ്ങൾ നിങ്ങളുടെ ജീവിതത്തിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അടിയറ വച്ച് യേശുവിനെ നിങ്ങളുടെ കർത്താവായി (ആത്മ ഭർത്താവായി) അംഗീകരിക്കും, രക്ഷിക്കപ്പെടും (റോമ. 10:9,10). അങ്ങനെ നിങ്ങൾ രക്ഷിക്കപ്പെടുമ്പോൾ, നിങ്ങൾ നിത്യജീവന്റെ അവകാശിയായിത്തീരും. (യോഹ. 3:36)

8. അപ്പോൾ നിങ്ങൾ നീതികരിക്കപ്പെടും (പ്രവൃ. 13:38,39)

9. അപ്പോൾ നിങ്ങളുടെ ഹൃദയം ശുദ്ധീകരിക്കപ്പെടും. (പ്രവൃ.15:9; എബ്രാ. 9:14)

10. അപ്പോൾ നിങ്ങൾ സ്നേഹത്തിന്റെ പ്രയത്നം ചെയ്യുന്നവരായിത്തീരും. (ഗലാ. 5:6)

11. അപ്പോൾ നിങ്ങൾ ലോകത്തിന്മേൽ ജയം പ്രാപിക്കും. (1യോഹ. 5:4)


12. അപ്പോൾ നിങ്ങൾ അദൃശ്യമായവയിലേക്കു നോക്കും (എബ്രാ. 11:1)

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഓരോരോ മാസവും ജാമക്കാരൻ മാസിക പ്രത്യേക തീയതികളിൽ അയയ്ക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് മാസിക കിട്ടാത്തവർ അതതുമാസത്തെ അവസാനദിവസം വരെ കിട്ടാതിരുന്നാൽ മാത്രം മാസികയ്ക്കായി ബന്ധപ്പെടുക. ഫോൺ മുഖേന ബന്ധപ്പെടുവാൻ നിങ്ങൾക്ക് പ്രയാസമായിരിക്കും. ആയതിനാൽ കത്തു മുഖേന അറിയിക്കുന്നത് നല്ലതായിരിക്കും. ഒപ്പം പൂർണ്ണ മേൽവിലാസവും ഫോൺനമ്പറും കൂടി എഴുതി അറിയിക്കണം. മാസിക വേണ്ടാത്തവർ കവറിനു പുറത്ത് **REFUSED** എന്നെഴുതി പോസ്റ്റ്ബോക്സിൽ നിക്ഷേപിക്കു അതിന് പ്രത്യേക സ്റ്റാമ്പൊന്നും ഒട്ടിക്കണ്ട.

# C.S.I. - മധുര - രാമനാഥപുരം

## അഭിഷേക നാഥൻ - C.S.I. Church, Madurai - Convention




2019 -ാം ആണ്ടിലെ ആദ്യ കൺവെൻഷൻ യോഗം മധുരയിൽ ആരംഭിച്ചു. ഈ സഭയിൽ 3-ാം പ്രാവശ്യമാണ് പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടത്. ബിഷപ്പ് അവർകളുടെ പ്രാരംഭ പ്രാർഥനയോടെ യോഗങ്ങൾ ആരംഭിച്ചു. യോഗങ്ങൾ വളരെ അനുഗ്രഹമായിരുന്നു. ഞാറായാഴ്ചയുള്ള രണ്ട് ആരാധനകളെ ഒരു ആരാധന യോഗമാക്കി മാറ്റി ദൈവവചനം ശ്രവിക്കാനുള്ള ഏർപ്പാട് ചെയ്തു. ഒരോ മാസത്തെ ആദ്യ ഞായറാഴ്ചകളിലും, കർത്തൃമേശയുള്ള ഞായറാഴ്ചകളിലും 30 മിനിറ്റിൽ കൂടുതൽ ഞാൻ പ്രസംഗിക്കാറില്ല. പക്ഷേ, ഈ യോഗത്തിൽ മാത്രം ഒന്നേമുക്കാൽ മണിക്കൂർ പ്രസംഗിച്ചു. ഇതിന് കാരണം വചനം കേൾക്കാനുള്ള അവരുടെ ആഗ്രഹത്തെ ശുശ്രൂഷക്കാരും സഭാകമ്മിറ്റിയും ചേർന്ന് പ്രതിഫലിപ്പിച്ചതാണ്. ആഗ്രഹങ്ങളെ മാനിക്കുന്ന ദൈവം അനേകരുടെ ആഗ്രഹങ്ങളെ വചനം കേൾപ്പിച്ച് നിവർത്തിച്ചു. ദൈവത്തിന് മഹത്വം ഉണ്ടാകട്ടേ. ടലിശ്യൃ അച്ചൻ Rev. Deva Irakkam, Assistant Vicar Rev. Samuel ഇവരോടൊപ്പം സഭാ കമ്മിറ്റിയും യോഗങ്ങൾ നന്നായി ക്രമീകരിച്ചു. ധാരാളം പേർ രക്ഷിക്കപ്പെടാനിടയായി.




ഫോട്ടോയിൽ കാണപ്പെടുന്ന അഞ്ചാം ക്ലാസ് പഠിക്കുന്ന ഈ ബാലൻ, മധുര സഭയിൽ മുഴു കോൺഗ്രിഗേഷനേയും കീബോർഡ് വഴി പാട്ടിൽ വഴി നടത്തുന്നു. ഈ പയ്യൻ മ്യൂസിക് ക്ലാസിൽ പഠിച്ചിട്ടില്ല. നോട്ടേഷൻസ് അറിയില്ല. നോട്ട്സ് ഒന്നും കാണാതെ കേട്ട് ശ്രുതി തെറ്റാതെ കീബോർഡ് വായിച്ച് സഭയെ പാട്ടിൽ വഴി നടത്തുന്നു. കാണുന്നവരെല്ലാം അവൻ വായിക്കുന്ന രീതി കണ്ട് അതിശയിച്ചു. ഇങ്ങനെ താലന്തു ലഭിച്ച സഭയിലെ കുഞ്ഞുങ്ങളെ സഭ ഉത്സാഹപ്പെടുത്തണം. ഇവൻ ഈ സഭയുടെ ഒരു ഉപസഭയിലെ ഉപദേശിയുടെ മകനാണ്. ഈ വലിയ സഭ അവനെ തങ്ങളുടെ സഭയിൽ കീബോർഡ് വായിക്കാൻ ദത്തെടുത്തിരിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

## (UAE) ഷാർജ C.S.I. CHURCH കൺവെൻഷൻ



*സ്ഥലം* : (UAE) ഷാർജ CSI Tamil Church

*തീയതി* : *2019 ഏപ്രിൽ 9, 10 & 11 (ബുധൻ, വ്യാഴം, വെള്ളി)*

*സമയം* : 06.30 pm

*പ്രാസംഗികൻ :* **Dr. PUSHPARAJ** *(ജാമക്കാരൻ എഡിറ്റർ)*

*കൗൺസലിംഗിനും, പ്രാർത്ഥനയ്ക്കും ബന്ധപ്പെടുവാൻ.*

| | |
|---|---|
| (Presbyter & President) | (Secretary) |
| Rev. R. RANJITH SUTHIR | Mr. ARUNKUMAR |
| (Mob : 0509367576) | (00971506385746) |

*കുറിപ്പ് : മലയാളികളായ സഭാവിശ്വാസികൾക്ക് കൗൺസലിംഗിനും പ്രാർത്ഥനയ്ക്കുമായി പ്രത്യേക സമയം ക്രമീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ :* 00971506385746 (Secretary)


# മലബാർ സി.എസ്.ഐ. ഡയോസിസ്

## CODACAL FRITZ MEMORIAL C.S.I. CHURCH CONVENTION




മലബാർ സി.എസ്.ഐ. ഡയോസിസിൽ കൊടയ്ക്കൽ പ്രദേശത്ത് ഞാൻ പ്രസംഗിക്കുന്നത് നാലാമത്തെ പ്രാവശ്യമാണ്. കോഴിക്കോട്, കണ്ണൂർ, മഞ്ചേരി, പെരിന്തൽമണ്ണ ഈ ഭാഗങ്ങളിൽ നിന്നെല്ലാം ധാരാളംപേർ ഈ യോഗങ്ങളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ചു. ഈ യോഗങ്ങൾ ക്രമീകരിച്ചത് സഭയിലെ പ്രായം കൂടിയ ആളുകൾ ഒന്നുകൂടി "സീനിയർ ഫ്രണ്ട്സ് ഫെല്ലോഷിപ്പ്" എന്ന ഒരു സംഘടന ഉണ്ടാക്കി ആത്മീയ ഉണർവുയോഗങ്ങളും സാമൂഹ്യ സേവനങ്ങളും ചെയ്യുന്ന വിവരങ്ങൾ യോഗത്തിൽ അറിയിച്ചപ്പോൾ ദൈവത്തെ സ്തുതിച്ചു.

സ്ത്രീ ജനസഖ്യം, യൂത്ത് ഫെല്ലോഷിപ്പ്, മെൻസ് ഫെല്ലോഷിപ്പ്, അച്ചൻമാരുടെ കൂട്ടായ്മ ഇതുമാതിരിയുള്ള കൂട്ടായ്മകൾ സഭകളിൽ നടക്കുന്നത്



ഞാൻ കണ്ടിട്ടുണ്ട്. പ്രായംകൂടിയവരെന്നും പറഞ്ഞ് സഭകളിൽ ഒതുക്കപ്പെടുന്ന ഇവർ എല്ലാവരുംകൂടി ഇങ്ങനെ ഒരു സംഘടന തുടങ്ങിയിരിക്കുന്നത് എല്ലാ സഭകൾക്കും ഒരു മാതൃകയാണ്. പ്രായമുള്ളവരെ ദൈവവേലയുടെ മുൻനിരയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അവരെക്കൊണ്ട് ഇത്രയും വലിയ യോഗങ്ങളും പ്രവർത്തികളും ഈ പ്രായത്തിലും നടത്തുവാൻ സാധിക്കുമെന്ന് കൊടക്കൻ സഭ തെളിയിച്ചു. ഇതിന് സഭാകമ്മറ്റിയും എല്ലാ സഭാവിശ്വാസികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചത് ദൈവത്തിന് പ്രസാദകരായിരുന്നു. മലബാർ ഡയോസിസ് ബിഷപ്പ് അവർകളും ഈ കാര്യത്തിൽ ഉൽസാഹപ്പെടുത്തി യതും മാതൃകാപരമാണ്. Rev. JOY MASILAMANI (Malabar District Board President) യോഗത്തിൽ പങ്കെടുത്ത് ഉദ്ഘാടനം നടത്തി. കേരളത്തിലുള്ള മറ്റു സഭകളും ഈ "സീനിയർ ഫ്രണ്ട്സ് ഫെല്ലോഷിപ്പിന്റെ" മാതൃക പിന്തുടരുന്നത് നല്ലതായിരിക്കും.

# ശ്രദ്ധയ്ക്ക്

**യോഗം ക്രമീകരിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള അറിയിപ്പ്**

***2019 ഒക്ടോബർ മാസം വരെ എല്ലാ തീയതികളും ഞാൻ നല്കിക്കഴിഞ്ഞു. തീയതി ആവശ്യമുള്ളവർ ഒക്ടോബറിനും ഡിസംബറിനും ഇടയ്ക്കുള്ള നാളുകൾ നിങ്ങൾക്ക് സൗകര്യമായാൽ ദയവായി ബന്ധപ്പെട്ടാലും.***

- ❖ *കഴിഞ്ഞ 2018 ഡിസംബർ മാസം നിങ്ങൾ അയച്ച ഇമെയിൽ, കത്തുകൾ എന്നിവയ്ക്ക് മറുപടി അയച്ചിട്ടില്ല. അടുത്ത മാസം മുതൽ മറുപടികൾ അയക്കാം എന്ന് കർത്താവിൽ വിശ്വസിക്കുന്നു.*
- ❖ *യേശുക്രിസ്തു:' ' നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ;അവ എനിക്കു സാക്ഷ്യംപറയുന്നു' ' . (യോഹ. 5:39)*

**FEBRUARY 2019**

# Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.